ചരിത്രവും പ്രാധാന്യവും

ഇന്റർനാഷണൽ കൗൺസിൽ ഓൺ മോണുമെന്റ്സ് ആൻഡ് സൈറ്റ്സ് (ICOMOS) 1982 ലാണ് ലോക പൈതൃക ദിനമെന്ന ആശയം കൊണ്ടുവന്നത്. ആ വർഷം ഏപ്രിൽ 18ന് ലോക സാംസ്കാരിക പ്രകൃതി, പൈതൃക സംരക്ഷണത്തിനായുള്ള കൺവെൻഷൻ യുനെസ്കോ അംഗീകരിച്ചു. ഇതിന്റെ വാർഷികമായാണ് ദിനാചരണം

തൃശൂർ പൂരത്തോടനുബന്ധിച്ച് പാറമേക്കാവ് വിഭാഗം അഗ്രശാലയിൽ ഒരുക്കിയ ആനച്ചമയ പ്രദർശനം



തിരുവമ്പാടി വിഭാഗം കൗസ്തുഭം ഹാളിൽ ഒരുക്കിയ ആനച്ചമയ പ്രദർശനം

കാണാം, തേക്കിൻകാട്ടിൽ

കരിവീരച്ചന്തം

» പൂരത്തിൽ പങ്കെടുക്കുന്ന കൊമ്പന്മാരെ പരിശോധിച്ച് സർട്ടിഫിക്കറ്റ് വാങ്ങാൻ ഇന്ന് രാവിലെ മുതൽ തേക്കിൻകാട്ടിൽ അണിനിരത്തും

തൃശൂർ പൂരത്തിന്റെ ഭാഗമായി നടന്ന തിരുവമ്പാടി വിഭാഗത്തിന്റെ സാമ്പിൾ വെടിക്കെട്ടിൽനിന്ന്

തൃശൂർ: തേക്കിൻകാട് മൈതാനം വ്യാഴാഴ്ച രാവിലെ മുതൽ കരിവീരന്മാരുടെ പിടിയിലമരും; ആനച്ചന്തം കാണാനെത്തുന്ന പുരുഷാരത്തിന്റെയും. തൃശൂർ പൂരത്തിൽ പങ്കെടുക്കുന്ന കൊമ്പൻമാരെ പരിശോധിച്ച് സർട്ടിഫിക്കറ്റ് വാങ്ങാൻ രാവിലെ മുതൽ തേക്കിൻകാട്ടിൽ അണിനിരത്തും. പാറമേക്കാവ്, തിരുവമ്പാടി വിഭാഗങ്ങൾ 15 ആനകളെ വീതമാണ് എഴുന്നള്ളിക്കുന്നത്. എട്ട് ഘടക പുരങ്ങൾക്കും ആന എഴുന്നള്ളിപ്പുണ്ട്. പൂരം നാളായ വെള്ളിയാഴ്ച നഗരത്തിലും നഗരത്തിലേക്കുള്ള വഴികളിലുമായി നൂറോളം ആനകളുണ്ടാവും.

ജില്ല മൃഗസംരക്ഷണ ഓഫിസർ ഡോ. ഫ്രാൻസിസ്, ഡോ. എ.വി. ഷിബു, ഡോ. ജിജേന്ദ്രകുമാർ, ഡോ. പി.ബി. ഗിരിദാസ് എന്നിവരുടെ നേതൃത്വത്തിലുള്ള അമ്പതംഗ സംഘമാണ് പരിശോധനക്ക് നേതൃത്വം നൽകുന്നത്. തിരുവമ്പാടി വിഭാഗം 48 ആനകളുടെയും പാറമേക്കാവ് 50 ആനകളുടെയും പട്ടികയാണ് വനംവകുപ്പിന് കൈമാറിയത്. തിരുവമ്പാടി ചന്ദ്രശേഖരൻ, തിരുമ്പാടി കണ്ണൻ, കുട്ടൻകുളങ്ങര അർജുനൻ, ശങ്കരംകുളങ്ങര ഉദയൻ, ഗുരുവായൂർ സിദ്ധാർഥൻ, പുതുപ്പുള്ളി സാധു, പാമ്പാടി സുന്ദരൻ, മച്ചാട് ഗോപാലൻ, പാറന്നൂർ നന്ദൻ, കൂടൽമാണിക്യം മേഘാർജുനൻ തുടങ്ങിയ കൊമ്പന്മാർ തിരുവമ്പാടിയുടെ പട്ടികയിലുണ്ട്. പാറമേക്കാവ് വിഭാഗത്തിന്റെ പട്ടികയിൽ പാറമേക്കാവ് കാശിനാഥൻ, ഗുരുവായൂർ നന്ദൻ, എറണാകുളം ശിവകുമാർ, പല്ലാട്ട് ബ്രഹ്മദത്തൻ, തെച്ചിക്കോട്ടുകാവ് ദേവീദാസൻ, മച്ചാട് ജയറാം, ചെത്തല്ലൂർ ദേവീദാസൻ, വടക്കുംനാഥൻ ഗണപതി, ഗുരുവായൂർ ദേവദാസ്, പുതുപ്പുള്ളി അർജുൻ എന്നീ ആനകളുണ്ട്. തിരുവമ്പാടി വിഭാഗത്തിന് തിരുവമ്പാടി ചന്ദ്രശേഖരനും കുട്ടൻകുളങ്ങര അർജുനനും പാറമേക്കാവ് വിഭാഗത്തിന് പാറമേക്കാവ് കാശിനാഥനും ഗുരുവായൂർ നന്ദനും ദേവസ്വം ശിവകുമാറുമാണ് തിടമ്പേറ്റുക. വ്യാഴാഴ്ച രാവിലെ നെയ്തലക്കാവിലമ്മയുടെ പൂര വിളംബരത്തിന് തിടമ്പേറ്റുന്നത് എറണാകുളം ശിവകുമാറാണ്.

പൊലീസ്, വനം വകുപ്പുകളുടെ നേതൃത്വത്തിൽ സ്കാഡുകൾക്ക് രൂപം നൽകിയിട്ടുണ്ട്. വനംവകുപ്പിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നത് സോഷ്യൽ ഫോറസ്ട്രി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ബി. സജീഷ് കുമാറാണ്.

ഇലഞ്ഞിത്തറപ്പെരുക്കത്തിന് മുമ്പ് ഇന്ന് കിഴക്കൂട്ടിന്റെ വിളംബരപ്പൂരം

തൃശൂർ: പൂരം നാളിൽ ഇലഞ്ഞിത്തറയിൽ കൊട്ടിത്തിമർക്കും മുമ്പ് വ്യാഴാഴ്ച കിഴക്കൂട്ട് അനിയൻ മാരാർ ആസ്വാദകർക്കായി പൂര വിളംബരം തിമിർക്കും. രാവിലെ എട്ടോടെ നെയ്തലക്കാവിലമ്മ ദേവസ്വം ശിവകുമാറിന്റെ ശിരസ്സിലേറി വലന്തല കൊട്ടി മണികണ്ഠനാലിൽ എത്തുമ്പോഴാണ് കിഴക്കൂട്ടിന്റെ നേതൃത്വത്തിൽ മേളം ആരംഭിക്കുക. ശ്രീമൂലസ്ഥാനം വരെ രണ്ട് മണിക്കൂറോളം കിഴക്കൂട്ടും കൂട്ടരും പാണ്ടി കൊട്ടും. ശ്രീമൂലസ്ഥാനത്ത് മേളം കലാശിച്ചാൽ നെയ്തലക്കാവിലമ്മ വടക്കുന്നാഥനെ വണങ്ങി പ്രദക്ഷിണം ചെയ്ത് തെക്കേ ഗോപുര വാതിലിൽ എത്തും. ഈസമയം ആചാരപരമായി ശംഖ് വിളി മുഴങ്ങും. തുറന്നിടുന്ന തെക്കേഗോപുര നടയിലൂടെ എറണാകുളം ശിവകുമാർ ഭഗവതിയുമായി പുറത്തേക്കിറങ്ങും. വർഷത്തിൽ രണ്ട് തവണ മാത്രം തുറക്കുന്ന തെക്കേഗോപുരത്തിന് പുറത്ത് ഈ കാഴ്ച കാണാൻ ആയിരങ്ങൾ ആർപ്പുവിളിച്ച് കാത്തുനിൽക്കാറുണ്ട്. കണിമംഗലം ശാസ്താവ് ഈ വഴിയിലൂടെയാണ് വടക്കുന്നാഥനിലേക്ക് പ്രവേശിക്കുന്നത്.

പടിഞ്ഞാറെ നട വഴി ശാസ്താവ് പുറത്ത് കടക്കുന്നതോടെ തൃശൂർ പൂരത്തിലേക്കമരും.

തൃശൂർ പൂരം 'സ്കെച്ച് ഗാല' സമാപിച്ചു

തൃശൂർ: അർബൻ സ്കെച്ചേഴ്സ് പൂരം മുഖ്യ വിഷയമാക്കി സെന്റ് തോമസ് കോളജിൽ നടത്തിയ മൂന്ന് ദിവസത്തെ രാജ്യാന്തര സ്കെച്ച് മേള 'തൃശൂർ പൂരം സ്കെച്ച് ഗാല - 2024' സമാപിച്ചു.

മൂന്ന് വിദേശികളും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള 65 പേരുമടക്കം നൂറിലധികം ചിത്രകാരന്മാർ പങ്കെടുത്തു. റെഹാം അലി (സൗദി), ചാങ് കിയ കീൻ (മലേഷ്യ), മുറെ ഡ്യുഹെഷ്ട് (ന്യൂസീലൻഡ്), സൈനാബ് തംബ്വാല (മുംബൈ), സഞ്ജീവ് ജോഷി (പൂനെ), ആൽവിൻ മാർക്ക് ഡാൻ (സിങ്കപ്പൂർ), ശ്രീകാന്ത് അയ്യർ (നെതർലൻഡ്സ്), മനീഷ് പിംപ്ലെ (പൂനെ), ജയകൃഷ്ണൻ (തിരുവനന്തപുരം), കെ.പി. പ്രശാന്ത് (കൊച്ചി), സുരേന്ദ്രൻ (തൃശൂർ) തുടങ്ങിയവർ നേതൃത്വം നൽകി. ചിത്രരചന ക്ലാസുകളും സംവാദങ്ങളും ഉണ്ടായിരുന്നു. മേളയിൽ വരച്ച ചിത്രങ്ങൾ ചിത്രകാരന്മാർ സമൂഹ മാധ്യമങ്ങളിൽ പങ്കുവെച്ചിട്ടുണ്ട്. അർബൻ സ്കെച്ചേഴ്സ് അഡ്മിൻമാരായ ബി. രവീന്ദ്രനാഥ്, പ്രഫ. ടി. കൃഷ്ണകുമാർ, ശില്പ സുരേഷ് എന്നിവരുടെ നേതൃത്വത്തിലാണ് മേള സംഘടിപ്പിച്ചത്.

വെടിക്കെട്ടിന് അനുമതി

തൃശൂർ: പാവറട്ടി സെന്റ് ജോസഫ് പാരിഷ് ദേവാലയത്തിലെ തിരുനാളിനോടനുബന്ധിച്ച് പള്ളിയുടെ മുന്നിലെ സ്ഥലത്ത് വെടിക്കെട്ട് നടത്താൻ അനുവദിച്ച് എ.ഡി.എം ടി. മുരളി ഉത്തരവിട്ടു. ലൈസൻസി നിർദേശങ്ങൾ കർശനമായി പാലിക്കണം. നിയമപരമായ മാനദണ്ഡങ്ങൾ പാലിക്കാതെ അനുമതിയില്ലാത്ത വെടിക്കെട്ട് സാമഗ്രികൾ ഉപയോഗിച്ചാൽ നിയമാനുസൃത നടപടി സ്വീകരിക്കുമെന്നും ഉത്തരവ് വ്യക്തമാക്കുന്നു.

പാവറട്ടി തിരുനാൾ നാളെ മുതൽ

തൃശൂർ: പാവറട്ടി സെന്റ് ജോസഫ്സ് തീർഥകേന്ദ്രത്തിലെ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ വെള്ളിയാഴ്ച മുതൽ 21വരെ ആഘോഷിക്കുമെന്ന് തീർഥകേന്ദ്രം റെക്ടർ ഫാ. ആന്റണി ചെമ്പശ്ശേരി വാർത്തസമ്മേളനത്തിൽ അറിയിച്ചു. തിരുനാൾ ദിവസങ്ങളിൽ വിവിധ വാദ്യമേളങ്ങൾ തിരുമുറ്റത്ത് നടക്കും. 21നു പുലർച്ച 4.30 മുതൽ തുടർച്ചയായി തീർഥകേന്ദ്രത്തിൽ ദിവ്യബലി ഉണ്ടാകും. പള്ളിന് ആഘോഷമായ തിരുനാൾ പാട്ടുകുർബാനക്ക് ഫാ. ഡേവിസ് പുലിക്കോട്ടിൽ സീനിയർ മുഖ്യകാർമികത്വം വഹിക്കും. ഫാ. ജിബിൻ താഴേക്കാടൻ തിരുനാൾ സന്ദേശം നൽകും. ഉച്ചതിരിഞ്ഞ് മൂന്നിനു തമിഴ് കുർബാന. നാലിനുള്ള ദിവ്യബലിയെ തുടർന്ന് ഭക്തിനിർഭരമായ തിരുനാൾ പ്രദക്ഷിണം.

22 മുതൽ 28 വരെ എല്ലാദിവസവും വൈകീട്ട് 6.30ന് ദിവ്യബലിയും രാത്രി ഏഴു മുതൽ പത്തുവരെ വിവിധ കലാ-സാംസ്കാരിക പരിപാടികളും ഉണ്ടാകും. ഏപ്രിൽ 28ന് എട്ടാമിടം. തിരുനാളിനോടനുബന്ധിച്ച് ഒന്നരലക്ഷത്തോളം പേർക്ക് നേർച്ചസദ്യ നൽകും. കൂടാതെ അരി, അവിൽ നേർച്ച പാക്കറ്റുകളും വിതരണം ചെയ്യും.

തിരുനാളിനോടനുബന്ധിച്ച് ഒരുകോടിയുടെ കാരുണ്യ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചത്.

കൊടിയേറ്റം മുതൽ തിരുനാൾ ദിനം വരെ തീർഥകേന്ദ്രത്തിന് കീഴിലുള്ള സാൻജോസ് പരീഷ് ഹോസ്പിറ്റലിൽ ഒ.പി ടിക്കറ്റ് സൗജന്യമാണ്.

വാർത്തസമ്മേളനത്തിൽ മാനേജിങ് ട്രസ്റ്റി വി.ജെ. ജോസി, പബ്ലിസിറ്റി കൺവീനർ ഷാജൻ ജാസ്, ജോയിന്റ് കൺവീനർ കെ.എഫ്. ലാൻസൻ, വി.സി. ജെയിംസ് എന്നിവരും പങ്കെടുത്തു.

'എസ്.എസ്.എൽ.സി മൂല്യനിർണയം: ദിനബത്ത നൽകണം'

തൃശൂർ: എസ്.എസ്.എൽ.സി മൂല്യനിർണയ ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് അർഹമായ ദിനബത്ത നിഷേധിച്ച സർക്കാർ നിലപാട് തിരുത്തണമെന്ന് കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ ജില്ല കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. 16 ദിവസം പ്രവർത്തിക്കുന്ന ക്യാമ്പിന് 14 ദിവസത്തെ ദിനബത്ത മാത്രം നൽകുമെന്ന നിലപാട് അനീതിയാണ്. ഒന്നാം സ്റ്റെല്ലിൽ രണ്ട് അവധി ദിനം വരുന്നുണ്ട്. മുൻ വർഷങ്ങളിൽ ഇത്തരം ദിവസങ്ങളിലും ബത്ത നൽകിയിരുന്നു. ശനിയാഴ്ച മൂല്യനിർണയ ക്യാമ്പ് അവസാനിക്കുന്നതിന് മുമ്പ് ഇക്കാര്യത്തിൽ തീരുമാനം വേണമെന്നും ആവശ്യപ്പെട്ടു. ജില്ല പ്രസിഡന്റ് പി. എച്ച്. മുസ്തഫ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് എം.എ. സാദിഖ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി മുഹ്സിൻ പാടൂർ സ്വാഗതവും സംസ്ഥാന കൗൺസിലർ സി. അനസ് ബാബു നന്ദിയും പറഞ്ഞു.

അണ്ടർ-19 ക്രിക്കറ്റ് ടീമിനെ ശ്രേയ പി. സിജു നയിക്കും

തൃശൂർ: കേരള ക്രിക്കറ്റ് അസോസിയേഷൻ പാലക്കാട്ട് നടത്തുന്ന പെൺകുട്ടികളുടെ അണ്ടർ-19 അന്തർ ജില്ല മത്സരങ്ങൾക്കുള്ള ജില്ല ടീമിനെ ശ്രേയ പി. സിജു നയിക്കും. ശ്രീകേരളവർമ കോളജ് ഗ്രൗണ്ടിൽ നടന്ന സെലക്ഷനിൽ ജില്ല സെക്രട്ടറി ജോസ് പോൾ ടീമിനെ പ്രഖ്യാപിച്ചു.

ടീം അംഗങ്ങൾ: ശ്രേയ പി. സിജു (ക്യാപ്റ്റൻ), കീർത്തി ദാമോദരൻ, നിള സ്റ്റെസി ജോൺസ്, ഇഷ ഫൈസൽ, നൂത മോഹൻദാസ്, ഡോണ അമിത്, അഥീന പ്രശോബ്, അദ്വതീയ, കെ.എസ്. ശ്രീലക്ഷ്മി, വൃന്ദ വി. നായർ, പി.എസ്. മെൽബ, കെ.എസ്. കൃപ, നിസരി ലക്ഷ്മി , ആർ. യുവന്തിക, എ.ആർ. നീലാംബരി, എസ്. ആർ. ഉർവശി.

ലോക്സഭ സ്ഥാനാർഥികളുമായി സംവാദം 21ന്

തൃശൂർ: ഒ.ഐ.ഒ.പി മൂവ്മെന്റ് മാതൃസംഘടന ജില്ല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 21ന് വൈകീട്ട് 3.30ന് ലോക്സഭ സ്ഥാനാർഥികളുമായി സംവാദം സംഘടിപ്പിക്കുന്നു. ഇ.എം.എസ് സ്മൃതിയിൽ നടക്കുന്ന പരിപാടിയിൽ '60 വയസ് കഴിഞ്ഞ ഞങ്ങൾക്കും പറയാനുണ്ട്, ഇതു കേൾക്കുന്നവർക്ക് ഞങ്ങളുടെ വോട്ട് എന്ന വിഷയത്തിൽ സംവാദം നടക്കും. വാർത്തസമ്മേളനത്തിൽ പ്രസിഡന്റ് ടി. ചന്ദ്രഹാസൻ, സെക്രട്ടറി കെ. മുരളീധരൻ, ഷിംജോ ജെയിംസ്, അലക്സ് ജോസഫ്, അശോകൻ കൊട്ടേക്കാട് എന്നിവർ പങ്കെടുത്തു.

പരിപാടികൾ ഇന്ന്

- തൃശൂർ പാലസ് റോഡ് വ്യാപാര ഭവൻ ഹാൾ: 'ഡെമോക്രാറ്റിക് കോൺക്ലേവ്', സി.പി.ഐ ജനറൽ സെക്രട്ടറി ഡി. രാജ -10.00
- തൃശൂർ തേക്കിൻകാട് മൈതാനം: പൂരം പ്രദർശനം -10.00
- പാവറട്ടി തീർഥകേന്ദ്രം: തിരുനാളാഘോഷം, പാട്ടുകുർബാന -വൈകു. 6.00

SOUTH INDIAN Bank
EXPERIENCE NEXT-GEN BANKING

Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in

Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001
Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017

Ref: TCR/RO/REC/SAR/SN/ABI/10/2024-25 തീയതി : 11.04.2024

ഇ – ലേല വിൽപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റെറസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റെറസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപനക്കായുള്ള ഇ – ലേല വിൽപന അറിയിപ്പ്.

1). ശ്രീമതി. റഹ്മത്ത് ഗഫൂർ. (2). ശ്രീ. ഗാബി ഗഫൂർ. (3). ശ്രീ. നവിൻ ഗഫൂർ. (4). ശ്രീ. അബ്ബൂൽ ഗഫൂർ എ.വി. എല്ലാവരുടെയും വിലാസം: അറക്കൽ വെട്ടത്ത് ഹൗസ്, സീതാറാം മിൽ റോഡ്, പുങ്കുന്നം പി.ഒ., തൃശ്ശൂർ–680002.

താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, **വിയ്യൂർ ബ്രാഞ്ചിൽ** (സെക്യുർഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ ഭൗതീകമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 10. 04. 2024 തീയതിക്ക് **രൂ. 9,93,84,506.22/– (മ്പത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി അഞ്ഞൂറ്റിയാറ് രൂപ ഇരുപത്തിരണ്ട് പൈസ മാത്രം)** ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ വിയ്യൂർ ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതിലേയ്ക്കായി "എവിടെയാണോ" "എങ്ങിനെയാണോ" "എന്തു തന്നെയായാലും അങ്ങനെതന്നെ" എന്ന വ്യവസ്ഥയിൽ **22.05.2024ന് വിൽപന** നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു

വസ്തുവിന്റെ വിവരണം:

വസ്തു ഉടമയുടെ പേര് : **ശ്രീമതി. റഹ്മത്ത് ഗഫൂർ** സ്ഥാവര വസ്തുക്കളുടെ വിവരണം: തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ വില്ലേജിൽ സർവ്വെ നമ്പർ 1866/4 P ൽപ്പെട്ട 10.17 ആർസ് (3.24 ആർസ് + 3.29 ആർസ് + 3.64 ആർസ്) സ്ഥലവും അതോടൊപ്പം തൃശ്ശൂർ കോർപ്പറേഷനിൽപ്പെട്ട 37/271 ഡോർ നമ്പറിൽ 4652 Sq.ft. പ്രതല വിസ്തീർണ്ണമുള്ള താമസയോഗ്യമായ കെട്ടിടവും മറ്റ് എല്ലാ നിർമ്മിതികളും മെച്ചപ്പെടുത്തലുകളും നിലവിലുള്ള അവകാശങ്ങളും അനുബന്ധങ്ങളും അടക്കം ശ്രീമതി.റഹ്മത്ത് ഗഫൂർ എന്നവരുടെ ഉടമസ്ഥതയിലുള്ളതും തൃശ്ശൂർ സബ് രജിസ്ട്രാർ ഓഫീസിൽ 14.09.1993 തീയതിയിലെ 5245/1993–ാം നമ്പർ തീറാധാരത്തിലും, 10.10.2003 തീയതിയിലെ 5897/2003 & 5898/2003 –ാം നമ്പറുകൾ ഒത്തുതീർപ്പ് ആധാരങ്ങളിലും കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. 3.24 ആർസിലുള്ള ഭാഗത്തിന്റെ അതിർത്തികൾ: വടക്ക്: റോഡ്. കിഴക്ക്: റഹ്മത്ത് ഗഫൂർ വക വസ്തു. തെക്ക്: റഹ്മത്ത് ഗഫൂർ വക വസ്തുവഹകൾ. പടിഞ്ഞാറ്: ചന്ദ്രശേഖരൻ വക വസ്തു. 6.93 ആർസിലുള്ള (3.29 ആർസ് + 3.64 ആർസ്) ഭാഗത്തിന്റെ അതിർത്തികൾ: വടക്ക്: റോഡും റഹ്മത്ത് ഗഫൂർ വക വസ്തുവും. കിഴക്ക്: തോമസ് വക വസ്തു. തെക്ക്: ചന്ദ്രശേഖരൻ വക വസ്തു. പടിഞ്ഞാറ്: ചന്ദ്രശേഖരൻ & റഹ്മത്ത് ഗഫൂർ വക വസ്തു.

കരുതൽ വില: രൂ. 6,56,29,000/–
(ആറ് കോടി അമ്പത്തിയാറ് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരം രൂപ മാത്രം)
നിരതദ്രവ്യം: രൂ. 65,62,900/–
(അറുപത്തിയഞ്ച് ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരം രൂപ മാത്രം)
EMD 21.05.2024 അല്ലെങ്കിൽ അതിനുമുമ്പ് ഉച്ചതിരിഞ്ഞ് 05.00 ന് നിക്ഷേപിക്കാം.
ലേല വർദ്ധന : രൂ. 10,000/– പ്രതിനായിരം രൂപ മാത്രം)
ഇ– ലേലത്തിന്റെ തീയതിയും സമയവും: 22. 05. 2024 രാവിലെ 10. 30 മുതൽ രാവിലെ 11. 00 വരെ
(വിൽപന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: 01. 01. 1994 മുതൽ 10. 01. 2024 വരെയുള്ള ബാധ്യതകൾ കൂടാതെ ഒരു ബാധ്യതയും രേഖപ്പെടുത്തിയിട്ടില്ല.

ലേല വിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് (സെക്യുർഡ് ക്രെഡിറ്റർ) വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വെബ് പോർട്ടലിലുള്ള ലിങ്ക് പരിശോധിക്കുക, www.southindianbank.com വെബ്സൈറ്റിലും വിശദാംശങ്ങൾ https://bankauctions.in/ എന്നതിലും ലഭ്യമാണ്

വസ്തുവിന്റെ പരിശോധന, ഇ– ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ലേല സമർപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വ്യക്തതയ്ക്ക്, പ്രവൃത്തിസമയത്ത് ചുമതലപ്പെടുത്തിയ ഓഫീസറുമായോ (ടെലി.നമ്പർ: 8921077601) സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, വിയ്യൂർ ബ്രാഞ്ചുമായോ ബന്ധപ്പെടുക.

ചുമതലപ്പെടുത്തിയ ഓഫീസർ
ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്

തീയതി: 11.04.2024 സ്ഥലം: തൃശ്ശൂർ